# ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 06.06.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. ആഗോള വെല്ലുവിളികൾക്കിടയിലും ഇന്ത്യയിൽ വൻ സാമ്പത്തിക മുന്നേറ്റമെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്.

   **Defence Minister Rajnath Singh says India registers major economic growth despite global challenges.**

2. സുസ്ഥിര കൃഷി ലക്ഷ്യമിട്ടുള്ള ഖേത് ബച്ചാവോ പ്രചാരണം രാജ്യത്ത് പുരോഗമിക്കുന്നു.

   ഒമ്പതരലക്ഷത്തോളം കർഷകർ ക്യാമ്പെയിനിൽ പങ്കാളികളായെന്ന് കൃഷി മന്ത്രാലയം.

   **Khet Bachao campaign gears up for sustainable farming; Agriculture Ministry says nearly 9.5 lakh farmers join initiative.**

3. ജമ്മുകശ്മീർ ഇന്ത്യയുടെ അവിഭാജ്യ ഘടകം ; ഐക്യരാഷ്ട്രസഭയിൽ പാകിസ്ഥാന് കടുത്ത മറുപടി നൽകി ഇന്ത്യ.

   **India firmly rejects Pakistan's false narrative on Jammu and Kashmir at United Nations.**

4. പ്രതിരോധ സഹകരണം ശക്തമാക്കാൻ ഇന്ത്യയും അമേരിക്കയും; 29-ാമത് സൈനിക തല ചർച്ചകൾ ഹവായിയിൽ സമാപിച്ചു.

   **India and US resolve to strengthen defence cooperation as 29th Army staff talks conclude in Hawaii.**

5. കേരളത്തിൽ തെക്കുപടിഞ്ഞാറൻ കാലവർഷം ശക്തി പ്രാപിക്കുന്നു; കേരളം-ലക്ഷദ്വീപ്, കർണാടക തീരങ്ങളിൽ ചൊവ്വാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക്.

   **Southwest monsoon intensifies in Kerala; authorities ban fishing along Kerala-Lakshadweep and Karnataka coasts until Tuesday.**

6. സാഫ് വനിതാ ഫുട്ബോൾ ഫൈനലിൽ ഇന്ത്യ ഇന്ന് ബംഗ്ലാദേശിനെ നേരിടും. പുരുഷ അണ്ടർ 18 ഏഷ്യാ കപ്പ് ഹോക്കി ടൂർണമെൻറ് ഫൈനലിൽ ഇന്ന് ഇന്ത്യ - ജപ്പാൻ പോരാട്ടം.

**India clash with Bangladesh in SAFF Women's Football final today; Men's Under-18 Asia Cup Hockey sees India take on Japan.**

**&&&&&&&&&&&&&&&&&&&&&&&**

## RAJNATH - GDP GROWTH

കേന്ദ്ര സർക്കാരിന്റെ കഴിഞ്ഞ 12 വർഷത്തെ മികച്ച സേവനത്തിന്റെ തെളിവാണ് ഇന്ത്യയുടെ അതിവേഗം വളരുന്ന സമ്പദ്‌വ്യവസ്ഥയെന്ന് രാജ്യരക്ഷാമന്ത്രി രാജ്‌നാഥ് സിംഗ്. 2025-26 സാമ്പത്തിക വർഷത്തിൽ രേഖപ്പെടുത്തിയ 7.7 ശതമാനം ജിഡിപി വളർച്ചാ നിരക്കിനെ പരാമർശിക്കവെയാണ് അദ്ദേഹം ഇക്കാര്യം പറഞ്ഞത്. ആഗോള പ്രതിസന്ധികൾക്കിടയിലും ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ അടിത്തറ ശക്തമായി തുടരുന്നുവെന്നും അദ്ദേഹം സമൂഹമാധ്യമത്തിൽ പറഞ്ഞു.

**&&&&&&&&&&&&&&&&&&&&&&&**

## NEPAL_MEA (INTRO)

വിദേശകാര്യ മന്ത്രി എസ്. ജയ്‌ശങ്കർ നേപ്പാൾ വിദേശകാര്യ മന്ത്രി ശിശിർ ഖനാലുമായി ഇന്ന് ന്യൂഡൽഹിയിൽ ചർച്ച നടത്തും. ഇന്ത്യ-നേപ്പാൾ പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്താൻ ഇതിലൂടെ സാധിക്കുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. വ്യാപാരം, നിക്ഷേപം, കണക്റ്റിവിറ്റി, ഊർജ്ജം, തുടങ്ങി പരസ്പര താൽപര്യമുള്ള വിഷയങ്ങൾ ഇരു നേതാക്കളും ചർച്ച ചെയ്യുമെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധിർ ജയ്സ്വാൾ വ്യക്തമാക്കി.

(വോയിസ് )

**&&&&&&&&&&&&&&&&&&&&&&&**

## AGRICULTURE MINISTRY - CAMPAIGN

രാജ്യത്തുടനീളമുള്ള 9.42 ലക്ഷത്തിലധികം കർഷകർ ഖേത് ബച്ചാവോ പ്രചാരണ പരിപാടിയുടെ ഭാഗമായതായി കൃഷി, കർഷകക്ഷേമ മന്ത്രാലയം. സന്തുലിത വളപ്രയോഗം പ്രോത്സാഹിപ്പിക്കുക, മണ്ണിന്റെ ഫലഭൂയിഷ്ഠത സംരക്ഷിക്കുക, സുസ്ഥിര കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുക എന്നിവയാണ് പ്രചാരണത്തിന്റെ ലക്ഷ്യം. അമിത വളപ്രയോഗം തടയുന്നത് സംബന്ധിച്ച് 17,800-ലധികം ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചതായും കൃഷി മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&&

## INDIA-US ARMY TALKS

ഇന്ത്യ-യുഎസ് സൈനിക തല ചർച്ചയുടെ 29-ാമത് പതിപ്പ് ഹവായിയിൽ നടന്നു. ആർമി സ്റ്റാഫ് ഡെപ്യൂട്ടി ചീഫ് ലെഫ്റ്റനന്റ് ജനറൽ രാജീവ് ഘായിയും യുഎസ് ആർമി പസഫിക് ഡെപ്യൂട്ടി കമാൻഡിംഗ് ജനറൽ ലെഫ്റ്റനന്റ് ജനറൽ ജോയൽ വോവലും സഹ-അധ്യക്ഷത വഹിച്ചു. ഇന്ത്യ-യുഎസ് തന്ത്രപരമായ പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്താൻ ചർച്ചയിൽ ധാരണയായി. ഉഭയകക്ഷി പ്രതിരോധ സഹകരണം ശക്തിപ്പെടുത്തുക, പരസ്പര പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുക തുടങ്ങിയ വിഷയങ്ങളും ചർച്ച ചെയ്തു.

&&&&&&&&&&&&&&&&&&&&&&&

## CBSE EXTEND DATE

മാർക്ക് പരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനുമുള്ള അപേക്ഷകൾ സമർപ്പിക്കാനുള്ള അവസാന തീയതി CBSE നാളെ വരെ ദീർഘിപ്പിച്ചു. ഞായറാഴ്ച വരെ അപേക്ഷകൾ സമർപ്പിക്കാം. അപേക്ഷാ നടപടികൾ പൂർത്തിയാക്കാൻ വിദ്യാർത്ഥികൾക്ക് കൂടുതൽ സമയം നൽകുന്നതിനായാണ് തീരുമാനമെന്ന് സി.ബി.എസ്.ഇ വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&&&&&

## JAISHANKKAR BIMSTEC

ബിംസ്റ്റെക് ദിനത്തിൽ ആശംസകൾ നേർന്ന് വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ . ബിംസ്റ്റെക് അംഗരാജ്യങ്ങളുമായുള്ള സഹകരണം കൂടുതൽ ദൃഢമാക്കുന്നതിനുള്ള പ്രതിബദ്ധത ഇന്ത്യ വീണ്ടും ഉറപ്പിക്കുന്നതായി അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു. ബംഗാൾ ഉൾക്കടൽ മേഖലയിലുടനീളം കണക്റ്റിവിറ്റി, പ്രതിരോധശേഷി എന്നിവ മുന്നോട്ട് കൊണ്ടുപോകുന്നതിനായി ബിംസ്റ്റെക് രാജ്യങ്ങൾ കൈവരിച്ച നേട്ടങ്ങൾ വിദേശകാര്യ മന്ത്രി പങ്കുവെച്ചു .

&&&&&&&&&&&&&&&&&&&&&&&

## DELHI MALVIYA FIRE

ഡൽഹി മാളവ്യ നഗറിലെ തീപിടുത്തവുമായി ബന്ധപ്പെട്ട് ഡൽഹി പോലീസ് ഒരാളെ അറസ്റ്റ് ചെയ്തു. കേശവ് നേഗി ഹോട്ടലിലെ പാചകക്കാരനെയാണ് അറസ്റ്റ് ചെയ്തത്. ഇക്കഴിഞ്ഞ മൂന്നാം തീയതി മാളവ്യ നഗറിലെ ഹോട്ടലിൽ ഉണ്ടായ തീപിടുത്തത്തിൽ 21 പേർ കൊല്ലപ്പെടുകയും 40 പേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു. സംഭവത്തിൽ ഹോട്ടൽ ഉടമയെ നേരത്തെ പോലീസ് അറസ്റ്റ് ചെയ്തിരുന്നു.

&&&&&&&&&&&&&&&&&&&&&&&

## HOCKEY- U-18 ASIA CUP FINAL

പുരുഷ അണ്ടർ 18 ഏഷ്യാ കപ്പ് ഹോക്കി ടൂർണമെന്റിന്റെ ഫൈനലിൽ ഇന്ത്യ ആതിഥേയരായ ജപ്പാനെ നേരിടും . ഇന്ത്യൻ സമയം വൈകുന്നേരം 3.30 നാണ് മത്സരം . ഇന്നലെ നടന്ന സെമിയിൽ ഇന്ത്യ, പാകിസ്ഥാനെ 3 ന് എതിരെ 5 ഗോളുകൾക്ക് പരാജയപ്പെടുത്തിയിരുന്നു . ആദ്യ സെമിയിൽ മലേഷ്യയെ 8-1 ന് പരാജയപ്പെടുത്തിയാണ് ജപ്പാൻ ഫൈനലിൽ കടന്നത്.

&&&&&&&&&&&&&&&&&&&&&&&

## SAFF WOMENS CHAMPIONSHIP

സാഫ് വനിതാ ഫുട്ബോൾ ചാമ്പ്യൻഷിപ്പിന്റെ ഫൈനലിൽ ഇന്ത്യ ഇന്ന് ബംഗ്ലാദേശിനെ നേരിടും. ഗോവയിലെ മഡ്ഗാവിലുള്ള നെഹ്റു സ്റ്റേഡിയത്തിൽ വൈകിട്ട് 6:30 നാണ് മത്സരം. സെമിഫൈനലിൽ ഭൂട്ടാനെ ഏകപക്ഷീയമായ ഒരു ഗോളിന് പരാജയപ്പെടുത്തിയാണ് ഇന്ത്യ ഫൈനലിൽ പ്രവേശിച്ചത്. മുൻപ് അഞ്ച് തവണ ഈ കിരീടം നേടിയിട്ടുള്ള ഇന്ത്യ തങ്ങളുടെ ആറാം കിരീടമാണ് ഇന്ന് ലക്ഷ്യമിടുന്നത്.

&&&&&&&&&&&&&&&&&&&&&&&&

## IND VS AFG – TEST CRICKET

അഫ്ഗാനിസ്ഥാനെതിരെയുള്ള ഏകദിന ടെസ്റ്റ് മത്സരത്തിൽ ടോസ് നേടി ബാറ്റിംഗ് തിരഞ്ഞെടുത്ത ഇന്ത്യ, ഒന്നാം സെഷനിൽ ഒടുവിൽ വിവരം ലഭിക്കുമ്പോൾ 33.4 ഓവറിൽ 1 വിക്കറ്റ് നഷ്ടത്തിൽ 140റൺസ് എന്ന നിലയിലാണ്. ഛണ്ഡിഗഢിലാണ് മത്സരം.

&&&&&&&&&&&&&&&&&&&&&&&&

## UN SECURITY COUNCIL (INTRO)

യു.എൻ രക്ഷാസമിതിയിലെ താൽക്കാലിക അംഗത്വം ദുരുപയോഗം ചെയ്ത്, പാകിസ്ഥാൻ ജമ്മു കശ്മീരിനെക്കുറിച്ച് വ്യാജപ്രചാരണം നടത്തുകയാണെന്ന് ഇന്ത്യ കുറ്റപ്പെടുത്തി. രക്ഷാസമിതിയുടെ വാർഷിക റിപ്പോർട്ട് ചർച്ച ചെയ്യുന്നതിനിടെ പാക് പ്രതിനിധി അസിം ഇഫ്തിഖർ അഹമ്മദ് നടത്തിയ പരാമർശങ്ങൾക്ക് മറുപടി നൽകുകയായിരുന്നു യു.എന്നിലെ ഇന്ത്യയുടെ സ്ഥിരം പ്രതിനിധി പി. ഹരീഷ്. പാകിസ്ഥാന്റെ പൊള്ളയായ അവകാശവാദങ്ങൾക്കൊന്നും ജമ്മു കശ്മീർ ഇന്ത്യയുടെ അവിഭാജ്യ ഘടകമാണെന്ന യാഥാർത്ഥ്യത്തെ മാറ്റാൻ കഴിയില്ലെന്ന് അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ് വോയ്സ്)

&&&&&&&&&&&&&&&&&&&&&&&&

## RAIN – KERALA

കേരളത്തിൽ തെക്കുപടിഞ്ഞാറൻ കാലവർഷം ശക്തി പ്രാപിക്കുന്നു. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസ

ർഗോഡ് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. മഴ സാധ്യത കണക്കിലെടുത്ത് ആറ് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും ശേഷിക്കുന്ന മൂന്ന് ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. കോഴിക്കോട്ടെ വിനോദസഞ്ചാരകേന്ദ്രങ്ങളിൽ ഇന്നും നാളെയും പ്രവേശനം ഉണ്ടാകില്ല. കണ്ണൂർ പഴശ്ശി ജലസംഭരണിയുടെ ആകെയുള്ള 16 ഷട്ടറുകളിൽ ആറെണ്ണം തുറന്നു. പ്രതികൂല കാലാവസ്ഥയും കടൽക്ഷോഭവും കാരണം, കേരളം-ലക്ഷദ്വീപ്, കർണാടക തീരങ്ങളിൽ ചൊവ്വാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

&&&&&&&&&&&&&&&&&&&&&&&

**WAYANAD - RAIN**

വയനാട്ടിൽ ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ച സാഹചര്യത്തിൽ മേപ്പാടി ഗ്രാമപഞ്ചായത്തിൽ പ്രത്യേക ജാഗ്രതാ നിർദേശം. റിസോർട്ടുകളും ഹോം സ്റ്റേകളും വിനോദസഞ്ചാര കേന്ദ്രങ്ങളും ഇന്നും നാളെയും പ്രവർത്തിക്കില്ല. എല്ലാ ഖനന പ്രവർത്തനങ്ങളും അഡ്വഞ്ചർ ടൂറിസവും ട്രക്കിങ്ങുകളും നിർത്തിവെയ്ക്കാനും ഉത്തരവിട്ടു.

&&&&&&&&&&&&&&&&&&&&&&&

**RAIN - MARITIME BOARD**

കാലവർഷം കനക്കുന്ന സാഹചര്യത്തിൽ ജലയാനങ്ങളുടെ ഉടമകളും ജീവനക്കാരും അതീവ ജാഗ്രത പുലർത്തണമെന്ന് കേരള മാരിടൈം ബോർഡ്. കനത്ത മഴ, ശക്തമായ കാറ്റ്, തിരമാലകൾ എന്നിവയുള്ളപ്പോൾ യാതൊരു കാരണവശാലും ജലയാനങ്ങൾ പ്രവർത്തിപ്പിക്കരുത്. കാലാവസ്ഥാ മുന്നറിയിപ്പുകൾ കർശനമായി പാലിക്കണം, അടിയന്തര സാഹചര്യങ്ങളിൽ അതാത് ജില്ലാ കൺട്രോൾ റൂമിൽ വിവരമറിയിച്ച് സഹായം തേടണമെന്നും ബോർഡ് നിർദേശിച്ചു.

&&&&&&&&&&&&&&&&&&&&&&&

## WFP-IRAN WAR

പശ്ചിമേഷ്യയിൽ യുദ്ധം ശക്തമാകുകയും ഇന്ധനവില ഉയർന്നുനിൽക്കുകയും ചെയ്യുന്ന പശ്ചാത്തലത്തിൽ, ലോകമെമ്പാടും ദശലക്ഷക്കണക്കിന് ആളുകൾ കടുത്ത പട്ടിണിയിലേക്ക് തള്ളപ്പെടുകയാണെന്ന് ഐക്യരാഷ്ട്രസഭയുടെ ലോക ഭക്ഷ്യപ്രോഗ്രാം (WFP) മുന്നറിയിപ്പ് നൽകി. യുദ്ധം കാരണം സോമാലിയയിൽ 25 ലക്ഷവും, അഫ്ഗാനിസ്ഥാനിൽ 23 ലക്ഷവും, ശ്രീലങ്കയിൽ 13 ലക്ഷവും ജനങ്ങൾ പുതുതായി ആഹാരത്തിനായി ബുദ്ധിമുട്ടുകയാണെന്ന് സംഘടനയുടെ റിപ്പോർട്ടിൽ പറയുന്നു. നിലവിൽ ലോകത്തുള്ള 31.8 കോടി ജനങ്ങൾക്ക് പുറമെ, ജൂൺ അവസാനത്തോടെ 4.5 കോടി ആളുകൾ കൂടി ഭക്ഷ്യപ്രതിസന്ധിയിലാകുമെന്നാണ് വിലയിരുത്തൽ.

&&&&&&&&&&&&&&&&&&&&&&&

## US - ARMS SALES

ബ്രിട്ടൻ, ഡെന്മാർക്ക്, കുവൈറ്റ് എന്നീ സൗഹൃദ രാജ്യങ്ങൾക്ക് ഏകദേശം മൂന്ന് ശതകോടി യു.എസ് ഡോളർ മൂല്യം വരുന്ന അത്യാധുനിക സൈനിക സാമഗ്രികൾ വിൽക്കാൻ അമേരിക്കൻ വിദേശകാര്യ മന്ത്രാലയം അനുമതി നൽകി. ദീർഘദൂര ആക്രമണ മിസൈലുകൾ, വിമാന പ്രതിരോധ സംവിധാനങ്ങൾ, ഡ്രോൺ പ്രതിരോധ പ്ലാറ്റ്ഫോമുകൾ എന്നിവയുൾപ്പെടെയുള്ള വൻ ആയുധശേഖരമാണ് ഈ രാജ്യങ്ങൾക്ക് കൈമാറുന്നത്.

&&&&&&&&&&&&&&&&&&&&&&&

## PUTIN-ZELENSKY TALKS

യുദ്ധം അവസാനിപ്പിക്കാനായി മുഖാമുഖം ചർച്ച നടത്തണമെന്ന ഉക്രൈൻ പ്രസിഡന്റ് വൊളോഡിമിർ സെലൻസ്കിയുടെ ക്ഷണം റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ നിരസിച്ചു. നിലവിൽ ഇത്തരമൊരു കൂടിക്കാഴ്ചയ്ക്ക് പ്രസക്തിയില്ലെന്ന് വ്യക്തമാക്കിയ പുടിൻ, ചർച്ചയ്ക്കായി സെലൻസ്കി അയച്ച കത്തിൽ ആത്മാർത്ഥതയില്ലെന്നും കുറ്റപ്പെടുത്തി. പുടിന്റെ ഈ നിലപാട് യുദ്ധം

അവസാനിപ്പിക്കാൻ ക്രെംലിന് താല്പര്യമില്ലെന്നാണ് കാണിക്കുന്നതെന്ന് സെലൻസ്കി പ്രതികരിച്ചു.

**&&&&&&&&&&&&&&&&&&&&&&&**

## PUNJAB ACCIDENT

പഞ്ചാബിലെ ഫിറോസ്പൂർ-ഫാസിൽക്ക റോഡിൽ ഇന്ന് രാവിലെ ഉണ്ടായ വാഹനാപകടത്തിൽ എട്ട് പേർ മരിച്ചു. നിരവധി പേർക്ക് പരിക്കേറ്റിട്ടുണ്ട് . പരിക്കേറ്റവരെ ഫിറോസ്പൂരിലെ സിവിൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഒരു കുടുംബത്തിലെ അംഗങ്ങളാണ് മരിച്ചത്.

**&&&&&&&&&&&&&&&&&&&&&&&**

## MAURITIUS – TRAVEL BAN

എബോള വ്യാപനത്തെത്തുടർന്ന് കോംഗോ, ഉഗാണ്ട, ദക്ഷിണ സുഡാൻ എന്നിവിടങ്ങളിൽ സന്ദർശനം നടത്തിയ വിദേശ പൗരന്മാർക്ക് പ്രവേശന വിലക്ക് ഏർപ്പെടുത്തി മൗറീഷ്യസ് . കഴിഞ്ഞ മൂന്ന് ആഴ്ചകൾക്കുള്ളിൽ ഈ രാജ്യങ്ങളിൽ സന്ദർശനം നടത്തിയവർ 21 ദിവസത്തെ നിർബന്ധിത ക്വാറന്റൈന് വിധേയമാകണം .ജൂലൈയിൽ മൗറീഷ്യസിൽ നടത്താൻ നിശ്ചയിച്ചിരുന്ന 18-ാമത് യുഎസ്-ആഫ്രിക്ക ബിസിനസ് ഉച്ചകോടി മാറ്റിവയ്ക്കാനും മൗറീഷ്യൻ സർക്കാർ തീരുമാനിച്ചു.

**&&&&&&&&&&&&&&&&&&&&&**

**&&&&&&&&&&&&&&&&&**

**&&&&&&&&&&&&&&**